ജീവിതം വിളമ്പുന്ന ഊട്ടുശാല

യോഹ: 3/16 - ''തന്റെ ഏകപുത്രനെ നൽകുവാൻ തക്കവിധം ദൈവം ഈ ലോകത്തെ അത്രയധികം സ്നേഹിച്ചു.'' പിതാവിന്റെ സ്വപ്നം ഹൃദയത്തിൽ പേറി ബലിയായിത്തീരുന്ന സ്നേഹത്തിന്റെ പാഠം പഠിപ്പിക്കുന്ന ശാല. ചാരത്തിരുന്നിട്ടും കൂടെ ചരിച്ചിട്ടും വചനങ്ങൾ ഏറെ കേട്ടിട്ടും അതൊന്നും ശിഷ്യന്മാരുടെ ജീവിതമാകാതെ പോകുന്നതിലെ നാഥന്റെ വേദന. താൻ ആരെന്ന ശിഷ്യന്മാരോടുള്ള ചോദ്യത്തിന്, നാഥൻ തന്നെ ജീവിതം കൊണ്ട് ഉത്തരം വിളമ്പുന്ന തിരുമണിക്കൂർ. കുർബാനയായി മാറ്റപ്പെടുന്ന ജീവിതം. ഇതാണ് പെസഹാ. അപ്പമാകാൻ വിളിക്കപ്പെട്ടവൻ, തിരുഹൃദയം തുറക്കപ്പെടാൻ വിളിക്കപ്പെട്ടവൻ ഊട്ടുശാലയെ പാഠശാലയാക്കി മാറ്റുന്ന തിരുമണിക്കൂർ.

ശിഷ്യൻ കടന്നു പോകലിന്റെ അനുഭവം സ്വന്തമാക്കേണ്ടവൻ. പഴയമനുഷ്യനെ ഉരിഞ്ഞുമാറ്റുന്നവന്റെ വേദന ഹൃദയത്തിൽ പേറേണ്ടവൻ, പുതിയ മനുഷ്യനെ ധരിക്കുന്നവന്റെ സന്തോഷം ജീവിതം കൊണ്ട് സാക്ഷ്യമാക്കേണ്ടവൻ, ബലിയും ജീവിതവും ഒന്നാക്കേണ്ടവൻ - ഇതാണ് പെസഹായുടെ സന്ദേശം.

കുഞ്ഞുനാളിലെ തന്നിൽ നിന്നും വേർപിരിഞ്ഞ അച്ഛന്റെ ദേഹവിയോഗത്തിൽ മനം നൊന്ത് വയലാർ രാമവർമ്മ എഴുതിയ കവിതയാണ് ''ആത്മാവിന്റെ ചിത.''

കവിപാടി: ഉറങ്ങിക്കിടക്കുന്നു അച്ഛൻ
വീടിനകത്തു കരഞ്ഞു തളർന്നമ്മ -
വീണുപോയ്, നേരം വെളുത്തനേരം
മുതൽ വാരിയെടുത്തെന്നെയുമ്മ വച്ചമ്മയ
ന്നോരോന്ന് ചൊല്ലിക്കരഞ്ഞതോർക്കുന്ന ഞാൻ.

എന്നാൽ രാമവർമ്മയെന്ന നാലുവയസ്സുകാരന് അമ്മയുടെ ദു:ഖമോ, അച്ഛന്റെ ഉറക്കമോ ഉൾക്കൊള്ളാനായില്ല. അവനെ അലട്ടിയത് കളഞ്ഞുപോയ തന്റെ ചന്ദനപ്പമ്പരം. കരഞ്ഞു തളർന്ന അമ്മയെ അവൻ തോണ്ടിയുണർത്തുന്നത് വേറൊരു കാര്യത്തിനാണ്.

'' ചാരത്തു ചെന്നു ഞാൻ ചോദിച്ചിതമ്മയോ-
ടാരാണ് കൊണ്ടു കളഞ്ഞതെൻ പമ്പരം.''

ഇതേ അവസ്ഥയിൽ നാഥന്റെ ശിഷ്യർ. ഗുരുവിന്റെ മനം കാണാതെ പോയവർ, സ്ഥാനമാനങ്ങൾക്കു വേണ്ടി മത്സരിച്ചു.

ഈ വിങ്ങിപ്പൊട്ടലിലും, തന്നെ വിലപേശി വിറ്റുകിട്ടുന്നതും കൊണ്ട് കടന്നു കളയുവാൻ പോകുന്ന യൂദാസ് ഒരു വശത്ത്, ഒരു പരിചാരികയുടെ മുമ്പിൽ പോലും അടിപതറുവാൻ പോകുന്ന ശിഷ്യപ്രധാനൻ, മറുവശത്ത് ഓടി രക്ഷപെടുന്ന ശിഷ്യൻമാർ.... ആ വികാര ശൂന്യതകൾ ഹൃദയത്തിൽ നിറഞ്ഞ നിമിഷത്തിലാണ് തീരാത്ത സ്നേഹവും ആർദ്ര ഭാവങ്ങളുമായി ജീവിതം വിളമ്പുന്ന ഈശോയുടെ അലിവിന്റെ ഊട്ടുശാല.

ഒരുവന്റെ കാലുതൊടുവാൻ പോലും അറയ്ക്കുന്ന ഈ ലോകത്തിൽ അപരന്റെ കാലുകൾ കഴുകി ഉമ്മവയ്ക്കുന്ന നാഥന്റെ പാഠം മനുഷ്യൻ മടിക്കുന്നിടത്ത് ദൈവപുത്രൻ എളിമയാകുന്ന സന്ദേശം. ശുശ്രൂഷിക്കപ്പെടാൻ പരക്കം പാഞ്ഞുനടക്കുന്ന നാം

ധ്യാനിക്കേണ്ട മഹത്കർമ്മം. ഇവിടെ ആരംഭിക്കുന്നു നാഥന്റെ അപ്പാവതാരം. ദിവ്യകാരുണ്യവിസ്മയം. ശിഷ്യരുടെ കാല്പ്പാദങ്ങളോളം ചെറുതായവൻ സ്നേഹത്തിന്റെ മുമ്പിൽ അപ്പമായിത്തീരുന്നു. അപ്പമായി മാറാൻ മാത്രം അവന്റെ മനസ്സ് വളർന്നപ്പോൾ ശിഷ്യന്റെ മുമ്പിൽ മുട്ടുമടക്കാൻ മാത്രം ശിരസ്സുതാണു. ചെറുതാക്കുന്നതല്ല ചെറുതാകുന്നതാണ് 'പെസഹാ'യെന്ന് അവനിവിടെ ആവിഷ്കരിച്ചു. ആധിപത്യവും അഹന്തയുമല്ല, കാരുണ്യവും അനുകമ്പയുമാണ് കുർബാനയായി മാറേണ്ടവന്റെ ജീവിതപുണ്യങ്ങൾ. ശിഷ്യരുടെ ഹൃദയത്തെ തൊട്ടുണർത്തിയ പാദം കഴുകലിലൂടെ വിശുദ്ധകുർബാന എന്താണെന്നും എന്തിനുവേണ്ടിയാണെന്നും പഠിപ്പിക്കുന്നു. വചനം മാംസമായിത്തീരുന്നതാണ് ദിവ്യകാരുണ്യം എങ്കിൽ ക്രിസ്ത്യാനിയുടെ കടമ മാംസം വചനമായിത്തീരണം എന്നതാണ്. ശരീരത്തിൽ വചനത്തിന് ജീവൻ നല്കണം. വി. കുർബാനയിൽ അപ്പത്തിലൂടെ ഈശോയെ സ്വീകരിക്കുന്നവൻ കുർബാനയ്ക്കുശേഷം മറ്റുള്ളവർക്കുമുമ്പിൽ ജീവിതം കുർബാനയാക്കി മാറ്റണം. കുടുംബത്തിൽ, സമൂഹത്തിൽ etc..... മുറിക്കപ്പെടുന്ന, ചിന്തപ്പെടുന്ന, പങ്കിടുന്ന, പകർന്നുകൊടുക്കുന്ന, താഴ്ന്നുകൊടുക്കുന്ന, പാദം കഴുകുന്ന, ഏറ്റെടുക്കുന്ന കുർബാന.

ഇതിലേയ്ക്കാകട്ടെ നമ്മുടെ കടന്നുപോകലും. ജീവിതം കുർബാനയാക്കി മാറ്റാനുള്ള ഒരു കടന്നുപോകൽ. കഷ്ടാനുഭവങ്ങളുടെ കലപ്പ കൊണ്ട് ചാലുകീറിയ കണ്ണീർപ്പാടത്ത്, സ്വർഗ്ഗത്തിന്റെ മഞ്ഞും, മഴയും പെയ്തിറക്കുന്നത് ദിവ്യകാരുണ്യമാണ്. ഓരോ മനുഷ്യന്റെയും മുമ്പിൽ ഞാൻ അപ്പമായിത്തീരുമ്പോൾ ഞാൻ കാരുണ്യമായി മാറുന്നു. മുറിക്കപ്പെടലിന്റെ ദിവ്യകാരുണ്യം, ചിന്തപ്പെടലിന്റെ ദിവ്യകാരുണ്യം, ശൂന്യമാകലിന്റെ ദിവ്യകാരുണ്യം.

ഫാ. ജോസഫ് പാറക്കടവിൽ.